**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3778** **06-08-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ഫണ്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ .സി .ബാലകൃഷ്ണൻ | | Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായി നീക്കിവച്ചിട്ടുള്ള ഫണ്ട് ലാപ്സായി പോകുന്നതോ, വകമാറ്റുന്നതോ, തിരിമറി നടത്തുന്നതോ ആയി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഫണ്ട് ലാപ്സായി പോകുന്നതോ വകമാറ്റുന്നതോ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ അർഹരായ ഗുണഭോക്താക്കൾക്ക് ലഭ്യമാകേണ്ട ഫണ്ടിൽ ഒറ്റപ്പെട്ട തിരിമറികൾ നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇതിനെതിരെ സ്വീകരിച്ച നടപടികളെന്തെല്ലാമെന്ന് വിശദമാക്കുമോ; | (ബി) | ടി വിഷയവുമായി ബന്ധപ്പെട്ട വകുപ്പ് ഉന്നത തല അന്വേഷണ സംഘത്തിന്റെ തുടരന്വേഷണത്തിൽ തിരുവനന്തപുരം നഗരസഭ പട്ടികജാതി വികസന ഓഫീസ് മുഖേന പട്ടികജാതി വിഭാഗക്കാർക്കുള്ള വിവിധ സാമ്പത്തിക വിതരണ പദ്ധതികളിൽ ക്രമക്കേടുകൾ നടന്നതിൽ ടി ഓഫീസിലെ മേലധികാരികളായിരുന്ന പട്ടികജാതി വികസന ഓഫീസർ ഗ്രേഡ്-I ഉദ്യോഗസ്ഥരായ ശ്രീ. പ്രജിത്ത് ലാൽ എസ്., ശ്രീ. മനോജ്. എസ്.ആർ. എന്നിവരുടെ ഭാഗത്തു നിന്നും ഗുരുതരമായി വീഴ്ച ഉണ്ടായതായി കണ്ടെത്തിയിരുന്നു. തുടർന്ന് ടിയാളുകളെ 19.04.21 ൽ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്തിട്ടുണ്ട്. ആയതിനോടൊപ്പം ടി വിഷയത്തിൽ വിശദമായ അന്വേഷണം നടത്തുന്നതിന്റെ ഭാഗമായി 2016-17 മുതൽ 2020-21 വരെയുള്ള കാലയളവിൽ തിരുവനന്തപുരം നഗരസഭ പട്ടികജാതി വികസന ഓഫീസ് മുഖേന നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ സംബന്ധിച്ച് വിശദമായ പരിശോധന വകുപ്പ് ഓഡിറ്റ് വിഭാഗം മുഖേന നടത്തി വരുന്നു |
| (സി) | പ്രസ്തുത ഫണ്ട് യഥാസമയം അർഹരിലെത്തിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ